(ബി) ഉണ്ടെങ്കിൽ പെൻഷൻ തുക കുറെയെങ്കിലും വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അക്കാര്യം പരിഗണനയിലാണ്.

ജുഡീഷ്യറി

39 (296) ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ:

താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സംസ്ഥാനത്തെ ജുഡീഷ്യറി കുറേക്കൂടെ മെച്ചപ്പെടുത്താൻ വേണ്ടി സിവിൽ ജുഡീഷ്യറിയും, ക്രിമിനൽ ജുഡീഷ്യറിയും പ്രത്യേകമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഈ കാര്യം ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

Adjournment Motions

മി:സ്പീക്കർ: റൂൾ 49 അനുസരിച്ച് നാല് അടിയന്തിരപ്രമേയ 9 a. m.] ങ്ങൾക്ക് നോട്ടീസ് കിട്ടിയിട്ടുണ്ട്. വളരെ മെമ്പർമാർ യോജിച്ചു ചേർന്നു എഴുതിതന്നിട്ടുള്ളതുമുണ്ട്. എല്ലാം വളരെയധികം പ്രാധാന്യം അർഹിക്കുന്നതുമാണ്. ചിലതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പറൻമാർ എന്നോടു പറഞ്ഞു മനസ്സിലാക്കിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് തരാതരം തിരിക്കാതെ ഒരെണ്ണം എടുക്കുകയാണ്. ഇവിടെ തന്നിട്ടുള്ള അടിയന്തിരപ്രമേയങ്ങൾ താഴെപ്പറയുന്നവയാണ്.

കേരള ഗവൺമെൻറും തമിഴ്നാട് ഗവൺമെൻറും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറുകൾക്കും ധാരണകൾക്കും വിപരീതമായി, കോയമ്പത്തൂർ നഗരത്തിലെ ശുദ്ധജലവിതരണത്തിനു മാത്രം അനുവദിച്ചിട്ടുള്ള 'ശിരുവാണി' ഡാമിന്റെ ഉയരം നാലടി കൂടി ഉയർത്താൻ 55,000 രൂപ ചിലവ് ചെയ്തിരിക്കുന്നതായും, അതു വഴി 3000 ത്തോളം ഏക്കർ കൃഷിസ്ഥലത്ത് ജലസേചനം നടത്തി വരുന്നതായും ആധികാരികമായി അറിവു ലഭിച്ചിരിക്കുന്നതിനാൽ, അടിയന്തിര പൊതുപ്രാധാന്യമുള്ള ഈ വിഷയത്തെക്കുറിച്ചു ചർച്ച ചെയ്യുവാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നോട്ടീസ് റൂൾ 49 അനുസരിച്ച് ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) നൽകിയിട്ടുണ്ട്.

20-1-1970-ൽ ചെങ്ങന്നൂർ താലൂക്കിൽപെട്ട ചെറിയനാട് വില്ലേജിൽ നാൽപ്പതിൽപ്പരം വരുന്ന ആയുധധാരികളായ ഒരു സംഘം ആളുകൾ കർഷകത്തൊഴിലാളികളെ ആക്രമിക്കുകയും, തൽഫലമായി ഒരാൾ വെടിയേറ്റു കൊല്ലപ്പെടുകയും, ഒരു പെൺകുട്ടിയുൾപ്പെടെ മൂന്നു പേർക്കു സാരമായ പരുക്കുകളേൽക്കുകയും ചെയ്ത സംഭവത്തെത്തുടർന്ന് അവിടെ നിലവിലിരിക്കുന്ന അത്യന്തം ഗുരുതരമായ അവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള, ശ്രീ. പി. കെ. കുഞ്ഞച്ചൻ എന്നിവർ ചേർന്ന് റൂൾ 49 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതേ പ്രശ്നത്തെ മുൻനിറുത്തി ശ്രീ. ഇ. ജോൺജേക്കബ് റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

തിരുവനന്തപുരം വലിയ തുറയിലുള്ള ഫുഡ്കോർപ്പറേഷൻ ഡിപ്പോയിൽ ഇരുന്ന പുഴുക്കലരി നീക്കം ചെയ്യുന്നതിനെ തടസ്സം ചെയ്യുന്നതിനായി, ഒരു സംഘം ആളുകൾ ഇന്നലെ ഫുഡ് ഡിപ്പോയിലെ തൊഴിലാളികളുടെ മേൽ കല്ലേറു നടത്തുകയും, വലിയതുറ പോലീസ് ഔട്ട്പോസ്റ്റ് എറിഞ്ഞു തകർക്കുകയും, ഏഴ് പോലീസുകാരേയും ഒരു സബ് ഇൻസ്പെക്ടറേയും മുറിവേൽപ്പിക്കുകയും ഗോഡൗൺ തകർക്കുകയും ചെയ്തതിനെത്തുടർന്നുണ്ടായിരിക്കുന്ന ഗുരുതരമായ അവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റൂൾ 49 അനുസരിച്ച് ശ്രീ. ബി. മാധവൻനായർ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

കെ. എസ്. ആർ. റ്റി. സി. യിൽ ജോലി ചെയ്തു വന്നിരുന്ന 726 ജീവനക്കാരെ പിരിച്ചു വിട്ട നടപടി റദ്ദാക്കി അവരെ തിരിച്ചെടുക്കണമെന്ന ആവശ്യത്തെ മുൻനിറുത്തി, ട്രാൻസ്പോർട്ടു തൊഴിലാളികൾ ഇന്നലെ അർദ്ധരാത്രി മുതൽ പണിമുടക്കിയിരിക്കുന്നതുമൂലം ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് റൂൾ 49 അനുസരിച്ച് സർവ്വശ്രീ ടി. കെ. രാമകൃഷ്ണൻ, സി. ബി. ചന്ദ്രശേഖരവാര്യർ, എം. കെ. കൃഷ്ണൻ, സി. കണ്ണൻ, എ. എസ്. എൻ. നമ്പീശൻ, ഇ. എം. ജോർജ്, വി. വി. ദക്ഷിണാമൂർത്തി, എ. പി. കുര്യൻ, ടി. കെ. കൃഷ്ണൻ, പാലൊളി മുഹമ്മദുകുട്ടി, സി. ഗോവിന്ദപ്പണിക്കർ, മുസ്തഫാകമാൽ, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, ശിവരാമഭാരതി എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

ഇതെല്ലാം തന്നെ വളരെയധികം പ്രാധാന്യമർഹിക്കുന്നവയാണ്. ഇവയിൽ ട്രാൻസ്പോർട്ടു സ്ട്രൈക്ക് ഒരടിയന്തിര പ്രശ്നമല്ല, ഇന്നലെയും മിനിഞ്ഞാന്നും എല്ലാം അതിനെപ്പറ്റി ഇവിടെ സംസാരിച്ചതാണ്. പിന്നെ ചെങ്ങന്നൂർ താലൂക്കിലെ പെറിയനാട് വില്ലേജിൽ നടന്ന സംഭവത്തെക്കുറിച്ചുള്ള നോട്ടീസ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരാൾ മരിക്കുകയും മറ്റു ചിലർക്ക് പരിക്കേൽക്കുകയും ചെയ്തതാണ്. അതുപോലെതന്നെ നമ്മുടെ സ്റ്റേറ്റിനെസംബന്ധിക്കുന്ന ഒരു കാര്യമാണ് ശിരുവാണിപുഴയെ സംബന്ധിച്ചുള്ളത്. അതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദീകരണം നൽകാം.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): അത് നാളെ മറുപടി പറയാം.

Alleged attack on the workers in the godowns of the Food Corporation at Valiathurai, Trivandrum.

മി. സ്പീക്കർ: അങ്ങിനെയാണെങ്കിൽ തിരുവനന്തപുരം വലിയതുറയിൽ നടന്ന സംഭവത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

റവന്യൂ മന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): സർ, തിരുവനന്തപുരം വലിയതുറയിൽ.....

ശ്രീ. ബി മാധവൻനായർ: സർ, ഞാൻ ആഭ്യന്തരമന്ത്രിക്കാണ് നോട്ടീസ് കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): സർ, തിരുവനന്തപുരം ജില്ലയിൽ മൂന്നു ഗോഡൗണുകളുണ്ട്. അതിൽ വലിയ തുറയിലുള്ള ഗോഡൗണിൽ 1400 ടൺ പുഴുക്കലരി കഴിഞ്ഞ ഫെബ്രുവരി മാസത്തിലാണെന്നു തോന്നുന്നു സ്റ്റോക്ക് വന്നത്. എന്നാൽ അത് ഇറക്കുന്നതിന് ഇതുവരെയായിട്ടും സാധിച്ചിട്ടില്ല. അവിടെയുള്ള രണ്ടു തൊഴിലാളി യൂണിയനുകളും തമ്മിലുള്ള തർക്കം കൊണ്ടാണു സാധിക്കാത്തത്. പോർട്ട് ആൻഡ് ഹെഡ്‌ലോഡു വർക്കേഴ്സ് യൂണിയനും, തുറമുഖതൊഴിലാളി യൂണിയനുമാണ് അവിടെയുള്ളത്. ഈ യൂണിയനുകളും തമ്മിലുള്ള തർക്കത്തെ സംബന്ധിച്ച് മുൻ ഭക്ഷ്യകാര്യമന്ത്രി ഇടപെടുകയും അതിലെ നടപടികളും സ്റ്റേ ചെയ്യുകയും ചെയ്തു. ഇതിൽ തുറമുഖ തൊഴിലാളി യൂണിയൻ മുൻസിഫ് കോടതിയിൽ നിന്നും അരി അൺലോഡു ചെയ്യാതിരിക്കുന്നതിനും ഇഞ്ചംഗ്ഷൻ ഓർഡർ വാങ്ങിക്കുകയുണ്ടായി. പോർട്ടു ആൻഡ് ഹെഡ്‌ലോഡ് വർക്കേഴ്സ് യൂണിയൻ ഹൈക്കോടതിയെസമീപിക്കുകയും ഇഞ്ചങ്ഷൻ ഓർഡർ സ്റ്റേ ചെയ്യിക്കുകയും ഏതാനും ദിവസങ്ങൾക്കകം അരി അൺലോഡ് ചെയ്യുന്നതിനുള്ള അനുവാദം വാങ്ങിക്കുകയും ചെയ്തു. അരി അൺലോഡ് ചെയ്യുന്നതിന് എഫ്. സി. ഐ. പോലീസിന്റെ സഹായം ആവശ്യപ്പെടുകയും പോലീസ് അവിടെ ചെന്ന് 1400 ടൺ പുഴുക്കലരി ഇറക്കാൻ സഹായിക്കുകയും ചെയ്തു. എന്നാൽ തുറമുഖ തൊഴിലാളി യൂണിയൻ പ്രവർത്തകൻമാർ എന്നു കരുതപ്പെടുന്ന ഒരു വലിയ സംഘം ആളുകളും അവിടെ തടിച്ചു കൂടുകയും സെൻറ് ആൻറണിപള്ളിയിൽ കൂട്ടമണി അടിക്കുകയും ചെയ്തു. അപ്പോഴും അവിടെയുള്ള വികാരി അതിനെ എതിർക്കുകയുണ്ടായി. അവർ അതിനെ വകവയ്ക്കാതെ അവിടെ സംഘടിതമായി ആക്രമണം നടത്തുകയുണ്ടായി. ആക്രമണത്തിന്റെ ഫലമായി ഒരു സബ്ഇൻസ്പെക്ടർക്കും, ഏഴ് കോൺസ്റ്റബിൾമാർക്കും പരിക്കേൽക്കുകയുണ്ടായി. അവരെയെല്ലാം ആശുപത്രിയിലേക്ക് നീക്കം ചെയ്യുകയുണ്ടായി. മാത്രമല്ല അവിടെയുള്ള ഔട്ട്പോസ്റ്റിന്റെ ഓടുകളും തകർക്കുകയും ചെയ്തു. ഈ സംഭവം നടന്ന സ്ഥലത്ത് ഡിസ്ട്രിക്ട് കളക്ടറും, സിറ്റി കമ്മീഷണരും, മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നു. ഈ സംഭവത്തിൽ യാതൊരു കാരണവശാലും പോലീസ് തൊഴിലാളികളുടെ നേരെ ഒന്നും ചെയ്തുകൂടായെന്നു കർശനമായി ഏർപ്പാട് ചെയ്യുകയുണ്ടായി. അതിന്റെ ഫലമായിട്ടു പോലീസ്കൈയും കെട്ടിനിന്ന് ഏറ് വാങ്ങിക്കുകയാണ് ചെയ്തത്. സംഭവം നടന്നതിനുശേഷം ഞാൻ സംഭവംസ്ഥലം നേരിട്ടുപോയി കാണുകയുണ്ടായി. അവിടത്തെ സ്ഥിതിഗതികളും നേരിട്ടു കണ്ടു മനസ്സിലാക്കുകയും ചെയ്തു. റോഡു നീളേ കല്ലുകളുടെ കഷ്ണങ്ങളും ഓടുകളുടെ കഷ്ണങ്ങളും കിടക്കുന്നതു കണ്ടു. പരിക്കു പറ്റിയ പോലീസുകാരേയും ഞാൻ പോയികാണുകയുണ്ടായി. ഗവൺമെൻറു കൊടുത്ത നിർദ്ദേശത്തെ പോലീസുകാർ കർശനമായി നടപ്പിലാക്കുകയുണ്ടായി. ഏതായാലും ഈ സ്ഥിതിയിൽ മുന്നോട്ടു പോകുന്നത് ശരിയല്ലെന്ന് മനസ്സിലാക്കി ബന്ധപ്പെട്ടയൂണിയനുകളേയും മറ്റു ബന്ധപ്പെട്ടവരേയും വിളിച്ചു വരുത്തി ഒരു കോൺഫറൻസു നടത്തുകയും ഒരു ഒത്തുതീർപ്പുണ്ടാക്കാൻ കഴിയുമോയെന്നു പരിശോധിക്കുകയും ചെയ്തു. എന്നാൽ അതിൽ ഒരു തീരുമാനത്തിൽ എത്തിയിട്ടില്ല. ആ ചരക്ക് അൺലോഡ് ചെയ്യുന്നതിന് ഏതെങ്കിലും തരത്തിൽ ഒരു ഒത്തുതീർപ്പുണ്ടാക്കാൻ കഴിയുമോയെന്ന് ആലോചിക്കുന്നുണ്ട്. ഇതാണ് അവിടെ നടന്ന വസ്തുത. നമ്മുടെ രാജ്യത്ത് കുറെ നാളുകളായി അഴുക്കു അരിയും പച്ചരിയുമാണ് വിതരണം ചെയ്തു കൊണ്ടിരിക്കുന്നത്. ഈ ഗോഡൗണിൽ ഇറക്കാൻ വേണ്ടിയിരിക്കുന്നത് 1400 ടൺ നമ്പർ ഒൺ പുഴുക്കലരിയാണ്. കഴിഞ്ഞ ഒരു വർഷമായി ഗോഡൗണിൽ തന്നെ ഇരിക്കുന്നതിന്റെ ഫലമായി അരി ഊർന്നുപോയിക്കൊണ്ടിരിക്കുകയാണ്. ഈ അരി ഇറക്കാതെ പോകുകയാണെങ്കിൽ സ്റ്റോറേജു ഗവൺമെൻറിന് പതിനാലു ലക്ഷം രൂപയുടെ നഷ്ടമാണ് വരാൻപോകുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് എഫ്. സി. ഐ. പറയുന്നത്. യൂണിയനുകളും തമ്മിലുള്ള തർക്കം സമാധാനപരമായി ചെയ്തുതീർക്കണമെന്നാണ് വിചാരിക്കുന്നത്. എന്തായാലും ഈ അരി നശിപ്പിക്കാൻ സമ്മതിക്കുകയില്ലെന്നും വേണ്ടിവന്നാൽ ആ അരി അൺലോഡ് ചെയ്തു ഈ രാജ്യത്തെ ജനങ്ങൾക്ക് വിതരണം ചെയ്യാൻ തയ്യാറാകുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

ശ്രീ. ബി. മാധവൻനായർ: സർ, ഈ സഭയിലെ ഏറ്റവും പ്രായം കൂടിയ ഒരു മെമ്പറായ ശ്രീ. ജോസഫ് ചാഴിക്കാട്ട് പറഞ്ഞത് അവിടെ മുസ്ലീങ്ങളും ക്രൈസ്ത്യാനികളും തമ്മിൽ ഒരു സാമുദായിക വഴക്കുണ്ടാക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നതെന്നാണ്. അതിന്റെയെല്ലാം ഫലമായിട്ടാണ് ഞാൻ ഈ അടിയന്തിരപ്രമേയത്തിനു നോട്ടീസ് നൽകാൻ ഇടയായത്. തുറമുഖ തൊഴിലാളി യൂണിയനിൽപ്പെട്ടവർ പള്ളിയിൽ കയറി മണി അടിക്കുകയും ഇതിനെ ഒരു ഹിന്ദു മുസ്ലീം ക്രൈസ്ത്യാനി വഴക്കായി തീർക്കാനുള്ള ശ്രമവുമാണ് നടത്തുന്നത്. ഇതു വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. ഇതിനെ ഗവൺമെന്റിൽനിന്നും കർശനമായി നിയന്ത്രിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

Mr. Speaker: I want to know whether the Government is taking strong action to prevent any further occurrence of these matters.

ശ്രീ. കെ. ടി. ജേക്കബ്: കർശനമായ നടപടികളെടുത്തിട്ടുണ്ട്. പോലീസ് ആവശ്യമില്ലാത്ത കാര്യത്തിൽ ഇടപെടരുതെന്നു കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാവരേയും വിളിച്ചുകൂട്ടി കാൺഫറൻസ് നടത്തുകയുണ്ടായി. ഇനിയും നടത്തുന്നതിനുള്ള ശ്രമം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. സൗഹാർദ്ദപരമായ ഒരന്തരീക്ഷം അവിടെ സൃഷ്ടിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

ശ്രീ. ബി മാധവൻനായർ: സർ, അവിടെ മുസ്ലീം സ്ത്രീകളെ പരസ്യമായി ആക്ഷേപിക്കുന്നുണ്ട്.

മി. സ്പീക്കർ: ഓർഡർ, അവിടെ സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികളും എടുത്തിട്ടുണ്ടെന്നും, ഇനിയും ആവശ്യമായ നടപടികളും എടുക്കുമെന്നും മന്ത്രി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇതൊരു അടിയന്തിരപ്രമേയമായി എടുക്കാൻ അനുമതിനൽകുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചെറിയനാട് വില്ലേജിൽ കർഷകത്തൊഴിലാളികളുടെ വീടുകളിൽ ആയുധധാരികളായ കുറെയാളുകൾ കയറി ആക്രമിക്കുകയും വെടിവയ്ക്കുകയും മറ്റും ചെയ്തതിന്റെ ഫലമായി ഒരാൾ മരണപ്പെടുകയും പലർക്കും പരിക്കേൽക്കുകയും ചെയ്തസംഭവത്തെസംബന്ധിച്ച് ശ്രീ. പി. കെ. കുഞ്ഞച്ചനും, ശ്രീ. പി. ജി. പുരുഷോത്തമൻപിള്ളയും നൽകിയ നോട്ടീസിന് ഗവൺമെന്റിന് എന്താണു പറയാനുള്ളത് എന്നു കേട്ടാൽ കൊള്ളാം. അതല്ലെങ്കിൽ അതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാനുള്ള സമയമെങ്കിലും അനുവദിക്കണം.

ശ്രീ. ഇ. ജോൺജേക്കബ്: സർ, ഞാൻ അക്കാര്യത്തെ സംബന്ധിച്ച് റൂൾ 61 അനുസരിച്ചുള്ള ഒരു പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് എനിക്ക് അക്കാര്യത്തെപ്പറ്റി റൂൾ 61 അനുസരിച്ച് പറയാനുള്ള അവസരം നൽകണം.

മി. സ്പീക്കർ: ഒരു അഡ്ജോൺമെന്റു മോഷൻ ആയിട്ടും ഇത് ഇവിടെ കൊണ്ടുവന്നു. ഒന്നെടുത്തുകഴിഞ്ഞു കൂടുതലെണ്ണം എടുക്കുന്നതു

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ല. I will examine it I will consult the Minister and see whether we can take it up in any other way.

2. *The Bus accident at Bharananganam on January 20, 1970*

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്): 20—1—1970, അതായത് മിനിഞ്ഞാന്ന് വൈകുന്നേരം ഏഴരമണിയോടുകൂടി ഭരണങ്ങാനത്ത് അതിദാരുണമായ ഒരു ബസ്സപകടം ഉണ്ടായി. ഭരണങ്ങാനത്തെ പ്രശസ്തമായ ഒരു പള്ളിയിലെ തിരുനാൾ സംബന്ധിച്ചുഘോഷയാത്ര റോഡിൽകൂടി പോകുകയായിരുന്നു. ആ ഘോഷയാത്ര പാലാ ഈരാട്ടുപേട്ട റോഡിൽകൂടി പടിഞ്ഞാറോട്ടു വന്ന് കിഴക്കോട്ടുള്ള വളവുതിരിഞ്ഞ് അവിടെയുള്ള കുരിശടിയിൽ പ്രാർത്ഥനനടത്തി തിരിച്ച് പള്ളിയിൽ പോകുകയാണ് ചെയ്യുന്നത്. അങ്ങനെ ആ ഘോഷയാത്ര പൊയ്ക്കോണ്ടിരിക്കുമ്പോൾ ഏഴരമണിയോടുകൂടി ഒരു സ്വകാര്യ ബസ്സ്, പാലാ ഈരാറ്റുപേട്ട റോഡിൽ ഓടിക്കൊണ്ടിരുന്ന ഒരു പ്രൈവറ്റ് ബസ്സ് ജനങ്ങളുടെ മുമ്പിൽ ചെന്ന് കയറുകയും അങ്ങനെ അത്യാഹിതം സംഭവിക്കുകയുമാണ് ചെയ്തത്. ഈ സംഭവം അവിടെ ഉണ്ടായതിനെപ്പറ്റി രണ്ടു തരത്തിലുള്ള വെർഷൻ കേൾക്കുകയുണ്ടായി. വളരെയധികം ആളുകൾ മരണപ്പെട്ടിരിക്കുന്നുവെന്നും നാൽപ്പതോളം ആളുകൾക്ക് ഗുരുതരമായ പരിക്കേറ്റിരിക്കുന്നു എന്നുമുള്ള വിവരം പാതിരാത്രി ഞാനറിഞ്ഞതോടുകൂടി ഹോംമിനിസ്റ്ററെ വിവരം അറിയിച്ചുകൊണ്ട് ഞാനും ശ്രീ.കെ.എം. മാണിയും കൂടി സംഭവസ്ഥലത്തേക്ക് പോകുകയുണ്ടായി. കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലും പാലാ ആശുപത്രിയിലും മരിച്ചു കിടക്കുന്ന ആളുകളെയും അതുപോലെതന്നെ പരിക്കേറ്റ് വിവിധ നിലകളിൽ കഴിയുന്ന ഡസൻ കണക്കിനുള്ള ആളുകളെയും ഞങ്ങൾ പോയി സന്ദർശിച്ചു. നമ്മുടെ സംസ്ഥാനത്ത് പലപ്പോഴും ബസ്സപകടം ഉണ്ടായി വളരെയധികം മരണപ്പെട്ടിട്ടുണ്ടെങ്കിൽ പോലും ബസ്സ് ജനക്കൂട്ടത്തിന്റെ ഇടയിൽ കയറി ഇത്രയധികം ആളുകൾ മരണപ്പെടുന്ന ഒരു സംഭവം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോയെന്ന് അറിയില്ല. വളരെയധികം നിർഭാഗ്യകരമായ ഒരു സംഭവമാണ് ഇത്. മരണപ്പെട്ട പതിനഞ്ചുപേരിൽ രണ്ടു വീട്ടുകാർ കുറെകഴിവുള്ളവരും ബാക്കിയുള്ളവർ പാവപ്പെട്ട ആളുകളുമാണ്. ആറുമാസം പ്രായമുള്ള കൊച്ചുകുട്ടികൾ ഉൾപ്പെടെയുള്ള യുവതീയുവാക്കൻമാർ ആണ് മരണപ്പെട്ടത്. കുറ്റം ആരുടെ കൈയിൽ ആണെന്നുള്ള കാര്യത്തെക്കുറിച്ചു കടന്നു ഞാനൊന്നും പറയുന്നില്ല. രണ്ടു തരത്തിലുള്ള അഭിപ്രായങ്ങൾ കേൾക്കുന്നുണ്ട്. ഡ്രൈവറുടെ കുറ്റമാണെന്ന് പറയുന്നു. അതല്ല ബസ്സിന്റെ ബ്രേക്ക് കേടായിരുന്നുയെന്നും പറയുന്നു. അതിന്റെ സാങ്കേതികവശം അറിഞ്ഞുകൂടാ. ഈ അപകടം ഉണ്ടായ ഉടനെ വളരെയധികം ഭയാനകമായ അന്തരീക്ഷത്തിൽ ഭരണങ്ങാനം ഈരാറ്റുപേട്ട സ്ഥലങ്ങളിലെ ബസ്സുകളും കാറുകളും ആളുകളും എല്ലാം മുന്നോട്ട് വന്ന് പരിക്കു പറ്റിയവരെയും മരണമടഞ്ഞവരെയും എല്ലാം ആശുപത്രിയിൽ എത്തിക്കുന്നതിന് വമ്പിച്ച സഹായസഹകരണങ്ങൾ നൽകുകയുണ്ടായി. പോലീസ് ഉദ്യോഗസ്ഥൻമാരും മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ഡാക്ടറൻമാരുമൊക്കെ ഇക്കാര്യത്തിൽ, ഇന്നലെ നടന്ന വിലാപഘോഷയാത്രയൊക്കെ കഴിയുന്ന സമയംവരെ സ്തുത്യർഹമായ സേവനം ചെയ്തു എന്നു പറയാൻ എനിക്ക് വളരെയധികം സന്തോഷമുണ്ട്. കോട്ടയം കളക്ടറും ഡി. വൈ. എസ്. പി.യും എ. ഡി. എം.യും മറ്റു ഉദ്യോഗസ്ഥൻമാരും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയുണ്ടായി. ബസ്സിൽ യാത്ര ചെയ്തിരുന്ന ആർക്കും കാര്യമായ മുറിവു പറ്റിയിട്ടില്ല. അവിടെയുള്ള വേദനനിറഞ്ഞ അന്തരീക്ഷത്തിൽ എല്ലാ ജനങ്ങളും ആവശ്യപ്പെടുന്നത്, ഇന്നലത്തെ അനുശോചനയോഗത്തിലും പരസ്യമായി പ്രമേയം പാസ്സാക്കി ആവശ്യപ്പെടുന്നത്, ഈ സംഭവത്തെ സംബന്ധിച്ച് പരസ്യമായ ഒരു അന്വേഷണത്തിന് ഓർഡർ ചെയ്യണമെന്നാണ്. അതേപ്പറ്റി ഞാൻ എന്റെ

LIBRARY ARCHIVES Kerala Legislative Assembly